2024
MARCH
22
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## മാർച്ച് 31: ഈസ്റ്ററിന് ബാങ്കുകൾ പ്രവർത്തിക്കണമെന്ന് ആർബിഐ

**കൊച്ചി:** മാർച്ച് 31 ഞായറാഴ്ച എല്ലാ ബാങ്കുകളുടെയും ശാഖകൾ പ്രവർത്തിക്കണമെന്ന് റിസർവ് ബാങ്കിൻറെ നിർദേശം. സാമ്പത്തിക വർഷത്തെ (202324) അവസാന ദിവസമായതിനാലും സർക്കാരിൻറെ സാമ്പത്തിക ഇടപാടുകൾ പൂർത്തീകരിക്കേണ്ടതുള്ളതിനാലും അന്ന് ശാഖകൾ തുറക്കണമെന്നാണ് നിർദേശം. കേന്ദ്രസർക്കാരിൻറെ അപേക്ഷ പ്രകാരമാണ് നടപടിയെന്നും ശാഖകൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് ഇടപാടുകാരെ അറിയിക്കണമെന്നും റിസർവ് ബാങ്ക് നിർദേശിച്ചിട്ടുണ്ട്.

അന്ന് ഈസ്റ്റർ ദിനമാണെന്നതാണ് മറ്റൊരു പ്രത്യേകത. ബാങ്ക് ജീവനക്കാർക്ക് അവധി നഷ്ടമാകും.

## സ്വർണവില 50,000 ലേക്ക്



**കൊച്ചി:** ഓരോ ദിവസം സർവ്വകാല റെക്കോർഡുകൾ ഭേദിച്ച് മുന്നേറുന്ന സ്വർണ വില ഉടൻ 50,000ലേക്ക്. ഇന്ന് (21/03/2024) 800 രൂപ വർധിച്ച് ഒരു പവൻ സ്വർണത്തിൻറെ വില 49,440 രൂപയായി. ഗ്രാമിന് 100 രൂപയാണ് വർധിച്ചത്. 6180 രൂപയാണ് ഒരു ഗ്രാം സ്വർണത്തിൻറെ വില.

ഈ മാസത്തിൻറെ തുടക്കത്തിൽ 46,320 രൂപയായിരുന്നു സ്വർണവില. മൂന്നാഴ്ചയ്ക്കിടെ 3000 രൂപയിലധികമാണ് വർധിച്ചത്. ഈ മാസം 9ന് 48,600 രൂപയായി ഉയർന്നതാണ് ആദ്യ സർവകാല റെക്കോർഡിട്ടത്. പിന്നീട് കഴിഞ്ഞ ചൊവ്വാഴ്ച 48,640 രൂപയായി ഉയർന്ന് വീണ്ടും റെക്കോർഡ് തിരുത്തി. ഈ റെക്കോർഡും മറികടന്നാണ് ഇപ്പോൾ സ്വർണവില പുതിയ റെക്കോർഡിട്ടത്.

# മദ്യനയ അഴിമതി: അരവിന്ദ് കേജ്രിവാൾ അറസ്റ്റിൽ

**ന്യൂഡൽഹി:** മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കേജ്രിവാൾ അറസ്റ്റിൽ. ഒരു മണിക്കൂറോളം ചോദ്യം ചെയ്തതിനു പിന്നാലെയാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റാണ് അറസ്റ്റ് രേഖപ്പെടുത്തിയത്. തുടർന്ന് കേജ്!രിവാളിനെ ഇ.ഡി ഓഫിസിലേക്ക് കൊണ്ടുപോയി. ഇന്നു രാത്രി തന്നെ അടിയന്തര വാദം കേൾക്കണമെന്ന എഎപിയുടെ ആവശ്യം സുപ്രീം കോടതി അംഗീകരിച്ചില്ലെന്നാണ് റിപ്പോർട്ട്. കേജ്രിവാളിനെ വെള്ളിയാഴ്ച കോടതിയിൽ ഹാജരാക്കുമെന്നും ചോദ്യം ചെയ്യിലുമായി സഹകരിക്കാത്തതിനാൽ കസ്റ്റഡി ആവശ്യപ്പെടുമെന്നും ഇ.ഡി അറിയിച്ചു. അറസ്റ്റിനെ തുടർന്ന് കേജ്!രിവാളിന്റെ വസതിക്കു മുന്നിൽ വൻ പ്രതിഷേധമാണ് അരങ്ങേറുന്നത്. പ്രതിഷേധക്കാരെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കി. കേസിൽ മനീഷ് സിസോദിയ, എംപിയായിരുന്ന സഞ്ജയ് സിങ്, കെ.കവിത എന്നിവർക്കു പുറമേ അറസ്റ്റിലാകുന്ന നാലാമത്തെ പ്രമുഖനാണ് കേജ്രിവാൾ. കേജ്രിവാൾ ജയിലിലിരുന്ന് ഭരിക്കുമെന്ന് എഎപി നേതാവും മന്ത്രിയുമായ അതിഷി പറഞ്ഞു.



അറസ്റ്റിൽനിന്ന് സംരക്ഷണം വേണമെന്ന ആവശ്യം ഡൽഹി ഹൈക്കോടതി നിരസിച്ചതിനു പിന്നാലെയാണ് സെർച്ച് വാറന്റുമായി എൻഫോഴ്സ്മെന്റ് സംഘം കേജ്!രിവാളിന്റെ വീട്ടിലെത്തിയത്. വീടിനു പുറത്തു വൻ പൊലീസ് സന്നാഹമാണ് വിന്യസിച്ചിരിക്കുന്നത്. 12 ഇ.ഡി. ഉദ്യോഗസ്ഥരാണ് കേജ്രിവാളിന്റെ വീട്ടിലുള്ളതെന്നാണ് റിപ്പോർട്ട്. മദ്യനയഅഴിമതിക്കേസുമായി ബന്ധപ്പെട്ട് ഇ.ഡി. എട്ടു തവണ സമൻസ് അയച്ചിട്ടും കേജ്രിവാൾ ഹാജരായിരുന്നില്ല.

ഇതോടെ അറസ്റ്റ് തടയാതിരുന്ന ഹൈക്കോടതി നടപടിക്കെതിരെ കേജ്രിവാൾ സുപ്രീംകോടതിയിൽ ഹർജി സമർപ്പിച്ചു. അടിയന്തരമായി വാദം കേൾക്കണമെന്ന് ആവശ്യപ്പെട്ടിരിക്കെയാണ് അറസ്റ്റ്. ഡൽഹി സർക്കാരിന്റെ വിവിധ ഏജൻസികളുടെ കീഴിലായിരുന്ന മദ്യവിൽപനയും ഇടപാടുകളും സ്വകാര്യ മേഖലയ്ക്കു കൈമാറാനുള്ള നയം 2021 നവംബർ 17നാണു പ്രാബല്യത്തിൽ വന്നത്. ലഫ്. ഗവർണറായി വി.കെ.സക്സേന ചുമതലയേറ്റതിനു പിന്നാലെയാണു ലൈസൻസ് അനുവദിച്ചതിൽ ക്രമക്കേടുണ്ടെന്ന ആരോപണം അന്വേഷിക്കാൻ നിർദേശിച്ചത്. ക്രമക്കേടുണ്ടെന്നു കാട്ടി സിബിഐ പ്രാഥമിക റിപ്പോർട്ട് നൽകിയതോടെ കേസ് റജിസ്റ്റർ ചെയ്തു. വിവാദമായതോടെ കഴിഞ്ഞ വർഷം ജൂലൈ 31ന് ഈ മദ്യനയം പിൻവലിച്ചു. ടെൻഡർ നടപടികൾക്കു ശേഷം ലൈസൻസ് സ്വന്തമാക്കിയവർക്കു സാമ്പത്തിക ഇളവുകൾ അനുവദിച്ചുവെന്നതാണ് പ്രധാന ആരോപണം. സാമ്പത്തിക ഇടപാടുകളുടെ പേരിൽ ഇ.ഡിയും കേസ് റജിസ്റ്റർ ചെയ്യുകയായിരുന്നു.

## ബിജെപിക്കും കോൺഗ്രസിനും കൂടുതൽ സംഭാവന നൽകിയത് ഒരേ ബിസിനസ് ഗ്രൂപ്പ്

**ന്യൂഡൽഹി:** ബിജെപിക്കും കോൺഗ്രസിനും ഇലക്ടറൽ ബോണ്ട് വഴി ഏറ്റവുമധികം സംഭാവന നൽകിയത് ഒരേ ബിസിനസ് ഗ്രൂപ്പ്. തെലങ്കാന ആസ്ഥാനമായ മേഘ എൻജിനീയറിങ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡും 2 അനുബന്ധ കമ്പനികളും കൂടി ചേർന്ന് ബിജെപിയിലും കോൺഗ്രസിലുമായി നടത്തിയിരിക്കുന്ന ഫണ്ടിങ് 1,034 കോടി രൂപയുടേതാണ്. കോൺഗ്രസിനെ (320 കോടി) അപേക്ഷിച്ച് രണ്ടിരട്ടി തുകയാണ് ഈ കമ്പനികൾ ബിജെപിക്ക് (714 കോടി) നൽകിയത്.



വെസ്റ്റേൺ യുപി പവർ ട്രാൻസ്മിഷൻ, എസ്ഇപിസി പവർ എന്നിവയാണു മേഘ എൻജിനീയറിങ്ങിന്റെ അനുബന്ധ കമ്പനികൾ. മുകേഷ് അംബാനിയുടെ ഉടമസ്ഥതയിലുള്ള റിലയൻസ് ഗ്രൂപ്പുമായി ബന്ധപ്പെട്ട ക്വിക്സപ്ലൈ ചെയിനാണ് ബിജെപിയുടെ രണ്ടാമത്തെ വലിയ ഇലക്ടറൽ ബോണ്ട് ഫണ്ടർ. സുപ്രീം കോടതി നിർദേശപ്രകാരം ഇലക്ടറൽ ബോണ്ടിന്റെ സമ്പൂർണ വിവരങ്ങൾ ഉൾപ്പെടുത്തിയുള്ള പട്ടിക കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ ഇന്നലെ പ്രസിദ്ധീകരിച്ചു. ഇതോടെ, വാങ്ങിയ ഓരോ ബോണ്ടും ഏത് പാർട്ടിക്കാണ് ലഭിച്ചതെന്ന് വ്യക്തമായി. ബോണ്ടിന്റെ രഹസ്യ ആൽഫാന്യൂമറിക് കോഡ് അടക്കമാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. 2019 ഏപ്രിൽ 12നു ശേഷമുള്ള ഡേറ്റയാണ് തിരഞ്ഞെടുപ്പ് കമ്മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. 2019 ഏപ്രിലിനു ശേഷം ഏറ്റവും കൂടുതൽ തുക ഇലക്ടറൽ ബോണ്ടായി നൽകിയ ഫ്യൂച്ചർ ഗെയിമിങ് ആൻഡ് ഹോട്ടൽ സർവീസസ് ഏറ്റവും കൂടുതൽ തുക നൽകിയ തൃണമൂൽ കോൺഗ്രസിനാണ്: 542 കോടി രൂപ. ബിജെപി: 100 കോടി, കോൺഗ്രസ്: 50 കോടി , ഡിഎംകെ: 503 കോടി, വൈഎസ്ആർ കോൺഗ്രസ് പാർട്ടി: 154 കോടി, സിക്കിം ക്രാന്തികാരി മോർച്ച: 11 കോടി, സിക്കിം ഡെമോക്രാറ്റിക് ഫ്രണ്ട്: 5 കോടി






# ബോഡിബിൽഡിംഗ് ഓപ്പൺ പ്രൈസ് മണി മൽസരവുമായി കെഎച്ച്ഒ

**കൊച്ചി:** കേരള ഹെൽത്ത് ക്ലബ്ബ് ഓർഗനൈസേഷൻ (കെഎച്ച്ഒ) ന്റെ നേതൃത്വത്തിൽ 2025 ൽ കേരളത്തിലെ മുഴുവൻ കായിക താരങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ബോഡിബിൽഡിംഗ് ഓപ്പൺ പ്രൈസ് മണി മൽസരം സംഘടിപ്പിക്കുമെന്ന് ഓർഗനൈസ്ഷൻ സംസ്ഥാന പ്രസിഡന്റ് വി കെ അനിൽകുമാർ, ജനറൽ സെക്രട്ടറി എ വിജയ മോഹൻ എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.ബോഡി ബിൽഡിംഗ്,പവർലിഫ്റ്റിംഗ്, വെയ്റ്റ് ലിഫ്റ്റിംഗ്,ആം റെസ് ലിംഗ് എന്നീ ഇനങ്ങളിലാണ് മൽസരം സംഘടിപ്പിക്കുന്നത്.ഏതു സംഘടയനയിലുള്ളവർക്കും മൽസരങ്ങളിൽ പങ്കെടുക്കാം. 2018 ൽ ആരംഭിച്ച സംഘടനയിൽ നിലവിൽ 1500 ഓളം പേർ അംഗങ്ങളായിട്ടുണ്ട്. ചാരിറ്റബിൾ ട്രസ്റ്റ് കൂടിയായ കേരള ഹെൽത്ത് ക്ലബ്ബ് ഓർഗനൈസേഷന് സർക്കാരിന്റെ ക്ഷേമനിധിയുടെ അംഗീകാരവും ഉണ്ടെന്നും ഭാരവാഹികൾ പറഞ്ഞു.കഴിഞ്ഞ അഞ്ചുവർഷക്കാലമായി ബോഡിബിൽഡിംഗ് അസോസിയേഷനുകൾ വഴി വിട്ട രീതിയിലാണ് പ്രവർത്തിക്കുന്നതെന്ന് ക്ലബ്ബ് ഉടമകൾ പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിലാമ് കെഎച്ച്ഒ ഇത്തരത്തിൽ മൽസരം സംഘടിക്കിപ്പാൻ തീരുമാനിച്ചത്.

സ്പോർടസ് കൗൺസിലിന്റെ നിയമാവലിക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ബോഡിബിൽഡിംഗ് അസോസിയേഷനുകളെ മാറ്റിനിർത്തിക്കൊണ്ട് എല്ലാ കായിക താരങ്ങൾക്കും മൽസരങ്ങളിൽ പങ്കെടുക്കാൻ സാധിക്കുന്ന വിധത്തിൽ സർക്കാരും സ്പോർടസ് കൗൺസിലും തീരുമാനം കൈക്കൊള്ളണമെന്നും ഇവർ ആവശ്യപ്പെട്ടു.




**പോപ്പുലറിന്റെ കൊച്ചി, മാമംഗലത്തെ നവീകരിച്ച ആധുനിക ഷോറൂമിലെ വിവിധ വിഭാഗങ്ങളുടെ ഉദ്ഘാടനം കെ.ജെ മാക്സി എംഎൽഎ നിർവ്വഹിക്കുന്നു. മാരുതി സുസുക്കി റീജ്യണൽ മാനേജർ അരുൺ പ്രസാദ്, പോപ്പുർ വെഹിക്കിൾസ് ആൻഡ് സർവ്വീസസ് എം.ഡി നവീൻ ഫിലിപ്പ്, ഡയറക്ടർമാരായ ഫ്രാൻസിസ് കെ. പോൾ, ജോൺ കെ പോൾ, രാജ് നാരായൺ, രാജ് നന്ദൻ, ആൻസൺ ജാവേദ്, മനോരഞ്ജൻ തുടങ്ങിയവർ സമീപം**

# പോപ്പുലർ മാരുതിയുടെ നവീകരിച്ച മാമംഗലം ഷോറൂം ഉദ്ഘാടനം ചെയ്തു

**കൊച്ചി:** പോപ്പുലർ മാരുതിയുടെ നവീകരിച്ച മാമംഗലം ഷോറൂമിന്റെ ഉദ്ഘാടനം മാരുതി സുസുക്കി റീജ്യണൽ മാനേജർ അരുൺ പ്രസാദ് നിർവ്വഹിച്ചു.

ഷോറൂമിലെ വിവിധ വിഭാഗങ്ങളുടെ ഉദ്ഘാടനം കെ.ജെ മാക്സി എം.എൽ.എയും നിർവ്വഹിച്ചു.

മഞ്ഞുമ്മൽ ബോയ്സ് ചടങ്ങിൽ മുഖ്യ അതിഥികളായിരുന്നു. ഓട്ടോമൊബൈൽ വ്ളോഗർമാരായ, രാകേഷ് നാരായണൻ, വിഷ്ണു രാജ്, പോപ്പുലർ സെയിൽസ് ഹെഡ് രാജ് നന്ദൻ എന്നിവർ ചേർന്ന് ആദ്യ വിൽപന നടത്തി.

പോപ്പുർ വെഹിക്കിൾസ് ആൻഡ് സർവ്വീസസ് മാനേജിംഗ് ഡയറക്ടർ നവീൻ ഫിലിപ്പ്, മുഴുവൻ സമയ ഡയറക്ടർമാരായ ഫ്രാൻസിസ് കെ. പോൾ, ജോൺ കെ പോൾ, സി.ഇ.ഒ രാജ് നാരായൺ, സെയിൽസ് ഹെഡ് രാജ് നന്ദൻ, സോണൽ സെയിൽസ് ഹെഡ് ആൻസൺ ജാവേദ്, ബ്രാഞ്ച് മാനേജർ മനോരഞ്ജൻ തുടങ്ങിയവർ സംസാരിച്ചു.

കേരളത്തിലെ പ്രഥമ മാരുതി ഡീലറാണ് പോപ്പുലർ വെഹിക്കിൾസ് ആന്റ് സർവ്വീസസ് ലിമിറ്റഡ്.




# അശാന്തം 2023 ചിത്രകലാ പുരസ്കാരം വിപിൻ വടക്കിനിയിലിന്

**കൊച്ചി:** ചിത്രകാരനും ശിൽപ്പിയുമായിരുന്ന അശാന്തൻ( വി കെ മഹേഷ്കുമാർ)ന്റെ സ്മരണയ്ക്കായി ഇടപ്പള്ളി വടക്കും ഭാഗം സർവ്വീസ് സഹകരണ ബാങ്ക് ഏർപ്പെടുത്തിയ അശാന്തം 2023 സംസ്ഥാന തല ചിത്രകലാ പുരസ്കാരത്തിന് വിപിൻ വടക്കിനിയിൽ അർഹനായതായി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

25,000 രൂപയും ശിൽപ്പവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.ടി ആർ ഉദയകുമാർ, എം റിബ്രു, എന്നിവർ സ്പെഷ്യൽ ജൂറി പുരസ്കാരത്തിനും ജിബി കളർലിമ, ബിനു കൊട്ടാരക്കര എന്നിവർ പ്രോൽസാഹന സമ്മാനത്തിനും അർഹരായി. ഇവർക്ക് യഥാക്രമം 10,000 രൂപയും ശിൽപ്പവും പ്രശസ്തി പത്രവും അയ്യായിരം രൂപയും ശിൽപ്പവും പ്രശസ്തി പത്രവും ലഭിക്കും.

ചിത്രകാരന്മാരായ ടി വി ചന്ദ്രൻ,മനോജ് വൈലൂർ, കെ ശശികുമാർ, എന്നിവരടങ്ങിയ ജൂറിയാണ് അവാർഡ് നിർണയം നടത്തിയത്.പുരസ്കാര വിതരണം ജൂണിൽ ഇടപ്പള്ളി ചങ്ങാമ്പുഴ സാംസ്കാരിക കേന്ദ്രത്തിൽ നടക്കുന്ന സമ്മേളനത്തിൽ നടക്കും. ചിത്രപ്രദർശനം മെയ് 24 മുതൽ 30 വരെ എറണാകുളം ലളിതകലാ അക്കാദമി ആർട്ട് ഗാലറിയിൽ നടക്കും. ബാങ്ക് പ്രസിഡന്റ് എ വി ശ്രീകുമാർ,പുരസ്കാര സമിതി കൺവീനർ ബാലകൃഷ്ണൻ കതിരൂർ, ബാങ്ക് വൈസ് പ്രസിഡന്റ് എം പി ലീലാവതിയമ്മ, സെക്രട്ടറി ഒ ജി ശ്രീജി, ഭരണസമിതിയംഗം ടി എസ് സുരേഷ് തുടങ്ങിയവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.




# എൻസിപി എൻഡിഎക്കൊപ്പമെന്നത് വ്യാജ പ്രചരണമെന്ന് എൻ എ മുഹമ്മദ്കുട്ടി

**കൊച്ചി:** എൻസിപി കേരളത്തിൽ എൻഡിഎയ്ക്കൊപ്പമാണെന്ന തരത്തിൽ വ്യാജ ലെറ്റർ പാഡ് നിർമ്മിച്ച പത്രപ്രസ്താവന പുറത്തിറക്കിയവർക്കെതിരെ നിയമ നടപടി സ്വീകരിക്കുമെന്ന് എൻസിപി സംസ്ഥാന പ്രസിഡന്റ് എൻ എ മുഹമ്മദ്കുട്ടി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

എൻസിപിക്കാരെന്ന വ്യാജേന ഒരു സംഘം ആളുകൾ തൃശൂർ കേന്ദ്രീകരിച്ചാണ് ഗൂഢാലോചന നടത്തുകയും വ്യാജരേഖ നിർമ്മിച്ച് വാർത്താകുറിപ്പ് ഇറക്കുകയും ചെയ്തത്. ഇവർക്കെതിരെ ഡിജിപിക്കും തൃശൂർ പോലീസ് കമ്മീഷണർക്കും പരാതി നൽകിയതായും എൻ എ മുഹമ്മദ് കുട്ടി പറഞ്ഞു.എൻസിപി കേരള ഘടകത്തിന്റെ ഒരു മീറ്റിംഗിലും എൻഡിഎയുമായി സഹകരിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച നടന്നിട്ടില്ല.ഈ സാഹചര്യത്തിലാണ് പാർട്ടിയുമായി യാതൊരു ബന്ധവുമില്ലാത്തവർ തെറ്റിദ്ധാരണാജനകമായ രീതിയിൽ വാർത്തകൾ സൃഷ്ടിക്കുന്നത്. എൽഡിഎഫുമായി അഭിപ്രായ വ്യത്യാസമുണ്ടെങ്കിലും ചർച്ച നടന്നു വരികയാണ്. പാർട്ടിയുടെ ചിഹ്നവും കൊടിയും സംബന്ധിച്ച് കേസ് സുപ്രിം കോടതിയിൽ ഉണ്ടായിരുന്നതിനാലാണ് തിരഞ്ഞെടുപ്പിൽ മൽസരിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുക്കാതിരുന്നത്.സുപ്രിം കോടതി വിധി വന്ന സാഹചര്യത്തിൽ വിഷയം 24 ന് കളമശേരിയിൽ ചേരുന്ന സംസ്ഥാന കമ്മിറ്റിയോഗത്തിൽ ചർച്ച ചെയ്യുമെന്നും എൻ എ മുഹമ്മദ്കുട്ടി പറഞ്ഞു.

# ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു

**കൊല്ലം:** ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ സിവിൽ സ്റ്റേഷനിലെ ജീവനക്കാർക്കായി സംഘടിപ്പിച്ച അഗ്നിസുരക്ഷാ ബോധവൽക്കരണ പരിശീലന ക്ലാസിന്റെ ഉദ്ഘാടനം കലക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കലക്ടർ എൻ ദേവിദാസ് നിർവഹിച്ചു. കലക്ടറേറ്റിലെ അഗ്നി സുരക്ഷാ സംവിധാനത്തിന്റെ കാര്യക്ഷമതാപരിശോധന നടത്തുന്നതിന് ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

കാട്ടുതീ, വാഹനങ്ങൾകെട്ടിടങ്ങളിലെ തീ, അടിയന്തരവൈദ്യസഹായം ആവശ്യമായ ഘട്ടത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ തുടങ്ങി വിവിധ ജീവൻരക്ഷ മാർഗങ്ങളെക്കുറിച്ച് ജീവനക്കാർക്ക് പരിശീലനം നൽകി.



# പി കെ ഡീവർ സ്മാരക പുരസ്കാരം കെ പത്മജന്

**കൊച്ചി:** കേരളത്തിലെ ആദ്യകാല ട്രേഡ് യൂണിയൻ നേതാവും മാധ്യമ പ്രവർത്തകനും സഹകാരിയുമായിരുന്ന പി കെ ഡീവറിന്റെ സ്മരണാർഥം ഡീവർ സ്മാരക സമിതി ഏർപ്പെടുത്തിയ പുരസ്ക്കാരത്തിന് മാതൃഭൂമി ദിനപ്പത്രത്തിലെ എറണാകുളം ബ്യൂറോ ചീഫ് കെ പത്മജൻ അർഹനായതായി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.10,001 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്.

ഈ മാസം 24 ന് വൈകുന്നേരം അഞ്ചിന് എറണാകുളം അധ്യാപക ഭവനിൽ നടക്കുന്ന സമ്മേളനത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ ജസ്റ്റിസ് സി കെ അബ്ദുൾ റഹിം പുരസ്കാര വിതരണം നിർവ്വഹിക്കും. സ്മാരക സമിതി പ്രസിഡന്റ് ടി കെ രമേശൻ അധ്യക്ഷത വഹിക്കും. ടി ജെ വിനോദ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തും. സ്മാരക സമിതി പ്രസിഡന്റ് ടി കെ രമേശൻ, എ കെ വാമലോചനൻ, സി ആർ ശിവകുമാർ തുടങ്ങിയവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# മലയാളി ഷെഫ് ശ്രേയ അനീഷിന് പാചക ഒളിമ്പിക്സിൽ മെഡൽ തിളക്കം




**കൊച്ചി:** ലോകത്തെ ഏറ്റവും പഴക്കമുള്ളതും, വലുതും വൈവിധ്യമാർന്നതുമായ അന്താരാഷ്ട്ര പാചക കലാ മത്സരമായ പാചക ഒളിമ്പിക്സ് 2024 ൽ മലയാളി ഷെഫ് ശ്രേയ അനീഷ് ഒരു സ്വർണവും രണ്ടു വെള്ളിയും നേടി രാജ്യത്തിനു തന്നെ അഭിമാനമായി.

കഴിഞ്ഞ ദിവസം ജർമ്മനിയിൽ സമാപിച്ച ലോക പാചക മാമാങ്കത്തിൽ സൗത്ത് ഇന്ത്യൻ ഷെഫ്സ് അസോസിയേഷനെ പ്രതിനിധീകരിച്ച് പങ്കെടുത്ത ശ്രേയ പഴങ്ങളുടെയും പച്ചക്കറികളുടെയും പ്രദർശനം, തൽസമയ കൊത്തുപണി എന്നീ ഇനങ്ങളിലാണ് ഈ അപൂർവ്വ നേട്ടം സ്വന്തമാക്കിയത്. 67 രാജ്യങ്ങളിൽനിന്നും 2000 ൽപരം ഷെഫുകൾ മത്സരത്തിൽ പങ്കെടുത്തു. ചെന്നൈയിൽ താമസമാക്കിയ എറണാകുളം കളമശ്ശേരി സ്വദേശികളായ അനീഷ് സീന ദമ്പതികളുടെ മകളും തമിഴ്നാട്ടിലെ ചെന്നൈയിൻ അമൃത ഇൻറർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറിലെ ഉന്നത ബിരുദ പഠന വിദ്യാർത്ഥിനിയുമാണ് ശ്രേയ.

ഇതേ കോളജിലെ തന്നെ ഷെഫുകളായ പുനീത് ജെ ഒരു സ്വർണവും ഒരു വെള്ളിയും കരസ്ഥമാക്കി. ഇവിടത്തെ വിദ്യാർത്ഥികളായ അംഗിത കെ. ഷെട്ടി രണ്ട് വെള്ളിയും, എം. എ ആകാശ് ജോർജ് ഒരു വെങ്കല മഡലും സ്വന്തമാക്കിട്ടുണ്ട്. 67 രാജ്യങ്ങളിൽ നിന്നും 2000 ൽ പരം ഷെഫുകൾ 2024 ലെ ഒളിമ്പിക്സിൽ പങ്കെടുത്തിരുന്നു. 1900 മുതൽ ലോകത്തിൻറെ വിവിധ ഭാഗങ്ങളിലായി സംഘടിപ്പിച്ചുവരുന്ന രുചിഭേദങ്ങളുടെ ഒളിമ്പിക്സിൽ ആദ്യമായാണ് രാജ്യം മെഡലുകൾ നേടുന്നതെന്ന പ്രത്യേകത ശ്രേയക്കും മറ്റ് ഇന്ത്യൻ മെഡൽ ജേതാക്കൾക്കും ഇവരെ ഒരുക്കി അയച്ച അമൃത ഇൻറർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറിനും സൗത്ത് ഇന്ത്യൻ ഷെഫ്സ് അസോസിയേഷനും സ്വന്തമാണ്.




# പുതിയ കാലത്തെ വലിയ മാറ്റങ്ങൾ ബാങ്കിംഗ് മേഖലയിലും വിപ്ലവം സൃഷ്ടിച്ചു: വെങ്കിട്ടരാമൻ വെങ്കിടേശ്വരൻ

**കൊച്ചി:** പുതിയ കാലത്ത് സാങ്കേതികതയിൽ ഉൾപ്പെടെ വലിയ മാറ്റങ്ങൾ വന്നത് ബാങ്കിംഗ് മേഖലയും വലിയ മാറ്റങ്ങൾക്കാണ് സാക്ഷ്യം വഹിച്ചതെന്ന് ഫെഡറൽ ബാങ്ക് ലിമിറ്റഡ് ഗ്രൂപ്പ് പ്രസിഡന്റും ചീഫ് ഫിനാൻഷ്യൽ ഓഫീസറുമായ വെങ്കിട്ടരാമൻ വെങ്കിടേശ്വരൻ പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ് സ് ഓഫ് ഇന്ത്യ എറണാകുളം ബ്രാഞ്ച് സംഘടിപ്പിച്ച ബാങ്ക് ബ്രാഞ്ച് ഓഡിറ്റ് സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ബാങ്കിംഗ് മേഖലയുടെ ആരോഗ്യമാണ് സാമ്പത്തിക രംഗത്തിന്റെ ആരോഗ്യം നിർണയിക്കുന്നത്. ബാങ്കിംഗ് പ്രവർത്തനങ്ങളാണ് സാമ്പത്തിക രംഗത്തിന്റെ വളർച്ച രേഖപ്പെടുത്തുന്നതെന്നും അദ്ദേഹം പറഞ്ഞു. സാങ്കേതിക വികസനങ്ങളുമായി ബന്ധപ്പെട്ട് ബാങ്കിംഗ് മേഖലയിലും കുതിച്ചു ചാട്ടമാണുണ്ടായത്. എല്ലാ രേഖകളും വളരെ വേഗത്തിൽ ലഭ്യമാകുന്നതും ഏതു പരിശോധനയും വിരൽ തുമ്പിൽ ലഭ്യമാക്കാൻ കഴിയുന്നതും വളർച്ചയുടെ വേഗം കൂട്ടിയതായും അദ്ദേഹം പറഞ്ഞു. ഉപഭോക്താക്കൾ കഴിഞ്ഞാൽ ബാങ്കിംഗിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യുന്നത് സാങ്കേതികതയെ കുറിച്ചാണെന്നും വെങ്കിട്ടരാമൻ വെങ്കിടേശ്വരൻ കൂട്ടിച്ചേർത്തു. ഐ സി എ ഐ എറണാകുളം ബ്രാഞ്ച് ചെയർമാൻ സലിം എ അധ്യക്ഷത വഹിച്ചു.

കുന്ദൽ പി ഷാ, ധനഞ്ജയ് ജെ ഗോഖലെ, മണികണ്ഠൻ എം എന്നിവർ വ്യത്യസ്ത വിഷയങ്ങൾ അവതരിപ്പിച്ചു.

# ഹോണ്ടയുടെ റോഡ് സുരക്ഷാ ബോധവത്കരണ കാമ്പയിൻ

**കൊച്ചി:** ഇന്ത്യയിൽ സുരക്ഷിത റൈഡിങ് സംസ്കാരം വളർത്തിയെടുക്കാനുള്ള പ്രതിബദ്ധതയുടെ ഭാഗമായി ഹോണ്ട മോട്ടോർ സൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ (എച്ച്എംഎസ്ഐ) കോഴിക്കോട് റോഡ് സുരക്ഷാ ബോധവൽക്കരണ പ്രചാരണം നടത്തി. വനിത ഗവ. ഐ.ടി.ഐയിൽ നടന്ന പരിപാടിയിൽ 2100 ലധികം സ്കൂൾ വിദ്യാർത്ഥികളും ജീവനക്കാരും പങ്കെടുത്തു.ചെറുപ്പം മുതലേ കുട്ടികളെ റോഡ് സുരക്ഷാ തത്വങ്ങൾ പഠിപ്പിക്കേണ്ടതിൻറെ ആവശ്യമാണെന്ന് എച്ച്എംഎസ്ഐ വിശ്വസിക്കുന്നു. അതിനാൽ സ്കൂൾ, കോളേജ് തലങ്ങളിൽ റോഡ് സുരക്ഷാ വിദ്യാഭ്യാസ പാഠ്യപദ്ധതി ഉൾപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുന്നു.

ഉത്തരവാദിത്തത്തോടെ റോഡുകൾ സഞ്ചരിക്കുന്നതിന് ആവശ്യമായ അറിവും നൈപുണ്യവും ഉപയോഗിച്ച് അടുത്ത തലമുറയെ ശാക്തീകരിക്കുകയാണ് കമ്പനി ലക്ഷ്യമിടുന്നത്. റോഡ് സുരക്ഷാ ബോധവൽക്കരണ കാമ്പെയ്നിൽ റോഡ് സുരക്ഷാ ഗെയിമുകൾ, സേഫ് റോഡ് തിയറി സെഷൻ, സ്ലോ സൈക്കിൾ റൈഡിംഗ്, റോഡ് സൈനേജ്, റൈഡിംഗ് പോസ്ചർ പരിശീലനം തുടങ്ങിയവയുടെ സംയോജനമായിരുന്നു പ്രചാരണത്തിലുടനീളം പങ്കെടുത്തവരെ സജീവമാക്കിയത്.

കേരളത്തിൽ മാത്രം കുട്ടികളും മുതിർന്നവരുമായി മൂന്നു ലക്ഷത്തോളം പേർക്ക് ഇതിനകം ബോധവൽക്കരണം നടത്തി.2050ഓടെ ഹോണ്ട മോട്ടോർസൈക്കിളുകളും വാഹനങ്ങളും ഉൾപ്പെട്ട അപകടങ്ങൾ പൂജ്യമാകണമെന്നാണ് ഹോണ്ടയുടെ ആഗോള കാഴ്ചപ്പാട്. 2030ഓടെ ഇന്ത്യയിലെ അപകടനിരക്ക് പകുതിയാക്കണമെന്ന കേന്ദ്ര സർക്കാരിൻറെ കാഴ്ചപ്പാടിന് ഹോണ്ട പിന്തുണയും നൽകുന്നു. സ്കൂളുകളിലും കോളജുകളിലും റോഡ് സുരക്ഷാ ബോധവൽക്കരണം നടത്തുന്നതിലൂടെ യുവ മനസുകളിൽ സുരക്ഷാ സംസ്കാരം വളർത്തുക മാത്രമല്ല, അവരെ സുരക്ഷാ അമ്പാസിഡർമാരാക്കുക എന്നതു കൂടി ലക്ഷ്യമിടുന്നു.

# അസാപ് കേരളയിൽ സൗജന്യ നവയുഗ കോഴ്സുകൾ

**കൊച്ചി:** ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ കമ്പനിയായ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരളയും ന്യൂനപക്ഷ ക്ഷേമ വകുപ്പും സംയുക്തമായി ന്യൂനപക്ഷ വിഭാഗത്തിലെ തൊഴിൽ അന്വേഷകർക്ക് നവയുഗ കോഴ്സുകൾ സൗജന്യമായി നൽകുന്നു.ന്യൂനപക്ഷ വിഭാഗത്തിലെ ബി.പി.എൽ വിഭാഗക്കാർക്കും എ.എൽ വിഭാഗത്തിൽ വാർഷിക വരുമാനം 8 ലക്ഷത്തിൽ താഴെയുള്ളവർക്കുമാണ് ഈ ആനുകൂല്യം ലഭിക്കുക. ഹാൻഡ്സ് ഓൺ ട്രെയിനിങ് ഇൻ ബയോമെഡിക്കൽ എക്വിപ്മെന്റ് കോഴ്സിലേക്കാണ് കളമശ്ശേരി അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ അപേക്ഷ ക്ഷണിച്ചിരിക്കുന്നത്.അപേക്ഷകരിൽ നിന്നും അഭിമുഖത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്. മുസ്ലിം, ക്രിസ്ത്യൻ വിഭാഗങ്ങളിലെ തൊഴിൽ അന്വേഷകരെ 60 : 40 എന്ന അനുപാതത്തിലായിരിക്കും തിരഞ്ഞെടുക്കുക. മറ്റു വിവരങ്ങൾക്കും അസാപ് കേരളയുടെ ഔദ്യോഗിക വെബ്സൈറ്റായ www.asap-kerala.gov.in സന്ദർശിക്കുകയോ 9778598336 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക. താല്പര്യമുള്ളവർ ലിങ്ക് വഴി അപേക്ഷ സമർപ്പിക്കാം : https://forms.gle/bnYc-tUSDMhMMyuh



# ഹൈ ത്രിൽ റൈഡ് 'എയർ റേസ്' വണ്ടർലയിൽ

**കൊച്ചി :** ഇന്ത്യയിലെ ഏറ്റവും വലിയ അമ്യൂസ്മെൻറ് പാർക്ക് ശൃംഖലയായ വണ്ടർല ഹോളിഡേയ്സ് ലിമിറ്റഡിൻറെ കൊച്ചി പാർക്കിൽ പുതിയ ഹൈ ത്രിൽ റൈഡായ 'എയർ റേസ്' പ്രവർത്തനം തുടങ്ങി. വണ്ടർലാ മാനേജിങ് ഡയറക്ടർ അരുൺ കെ ചിറ്റിലപ്പിള്ളി, കൊച്ചി പാർക്ക് ഹെഡ് രവികുമാർ എം എ എന്നിവരുടെ സാന്നിധ്യത്തിൽ വണ്ടർലായിൽ നടന്ന ചടങ്ങിൽ ചലച്ചിത്ര താരം അർജുൻ അശോകൻ എയർ റേസിന്റെ ഉദ്ഘാടനം നിർവഹിച്ചു.

യൂറോപ്പിൽ നിന്നും ഇറക്കുമതി ചെയ്ത എയർ റേസ് വണ്ടർലയുടെ ഹൈ ത്രിൽ റൈഡുകളുടെ കൂട്ടത്തിൽ മറ്റൊരു വിസ്മയമാണ്. ഒരു അക്രോബാറ്റിക് വിമാനത്തിലിരിക്കുന്ന അനുഭവം ഉണ്ടാക്കുന്ന ഈ ഹൈ ത്രിൽ റൈഡ് 8 മീറ്റർ വരെ ഉയരത്തിൽ കയറി ഇറങ്ങുമ്പോൾ സന്ദർശകർക്ക് ഇത് തികച്ചും ആവേശകരമായ ഒരു അനുഭവമാണ് നൽകുന്നതെന്ന് വണ്ടർലാ മാനേജിങ് ഡയറക്ടർ അരുൺ കെ ചിറ്റിലപ്പിള്ളി പറഞ്ഞു.'എയർ റേസ്' ഒരു പുത്തൻ അനുഭവമായിരിക്കുമെന്നും റൈഡ് ആസ്വദിക്കുന്നതിനായി ഏവരെയും വണ്ടർലായിലേക്ക് സ്വാഗതം ചെയ്യുന്നുവെന്നും അരുൺ കെ ചിറ്റിലപ്പിള്ളി പറഞ്ഞു.

വണ്ടർലയിലെ എയർ റേസ് ഉദ്ഘാടനം ചെയ്യുന്നതിൽ അതിയായ സന്തോഷമുണ്ടെന്ന് നടൻ അർജുൻ അശോകൻ പറഞ്ഞു. ഇത് വെറുമൊരു റൈഡല്ല, സന്ദർശകർക്ക് കൂടുതൽ ആവേശം പകരുന്ന സാഹസികമായ ഒരു യാത്രയാണ്. വണ്ടർല എന്നത് ഒരു നമുക്ക് അപരിചതമായ ഒരു പേരല്ല, അത് നിങ്ങളെ ആത്യന്തിക വിനോദസാഹസിക അനുഭൂതികൾ നൽകുന്നതിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാത്ത ഇടമാണെന്നും അർജുൻ അശോകൻ അഭിപ്രായപ്പെട്ടു.

ത്രിൽ റൈഡുകളുടെ ആസ്വാദകരെ പോലും വിസ്മയിപ്പിക്കുന്ന ആകാശയാത്ര സമ്മാനിക്കുന്നു എയർ റേസ്. 8 മീറ്റർ ഉയരത്തിൽ കറങ്ങുന്ന ഈ റൈഡ് ഒരു വിമാന യാത്രയുടെ അനുഭവം ഒരുക്കുന്നുവെന്ന് അരുൺ കെ ചിറ്റിലപ്പിള്ളി പറഞ്ഞു.ഇരുഭാഗത്തേക്കും കറങ്ങുന്ന ഈ റൈഡിൻറെ മദ്ധ്യഭാഗം ഒരു മിനിറ്റിൽ 6 പ്രാവശ്യം എന്നരീതിയിൽ കറങ്ങുന്നു. 24 പേർക്ക് ഈ റൈഡ് ഒരേ സമയം ആസ്വദിക്കാവുന്നതാണ്. അത്യാധുനിക സുരക്ഷാ സംവിധാനങ്ങളാണ് ഈ റൈഡിൻറെ കുറ്റമറ്റ പ്രവർത്തനത്തിനായി സജ്ജീകരിച്ചിരിക്കുന്നത്.വണ്ടർലയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, www.wonderl-a.com സന്ദർശിക്കുക.

# സൂപ്പർ ബൈക്ക് ലോണുകളുമായി എൽ ആൻഡ് ടി ഫിനാൻസ് ഹോൾഡിംഗ്സ്

**കൊച്ചി:** രാജ്യത്തെ പ്രമുഖ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളിലൊന്നായ എൽ ആൻഡ് ടി ഫിനാൻസ് ഹോൾഡിംഗ്സ് 5.99% മുതൽ തുടങ്ങുന്ന പലിശനിരക്കുകളിൽ സൂപ്പർ ബൈക്ക് വായ്പകൾ അവതരിപ്പിച്ചു.

അത്യാധുനിക മോട്ടോർസൈക്കിളുകൾക്കായാണ് വായ്പ. 60 മാസം വരെയുള്ള കാലാവധിയിൽ 20 ലക്ഷം രൂപ വരെ വായ്പ നൽകുമെന്ന് എൽടിഎഫ്എച്ച് അർബൻ ഫിനാൻസ് വിഭാഗം ചീഫ് എക്സിക്യൂട്ടീവ് സഞ്ജയ് ഗാർയാലി പറഞ്ഞു. കൊച്ചി, മുംബൈ, ഡെൽഹി, കൊൽക്കത്ത, പുണെ, ഹൈദരാബാദ്, ചെന്നൈ എന്നീ വിപണികളിൽ മികച്ച വളർച്ചയാണ് സൂപ്പർ ബൈക്ക് വിഭാഗത്തിനുള്ളതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അടുത്ത മൂന്നു മുതൽ അഞ്ച് വർഷത്തിനുള്ളിൽ 1518 ശതമാനം വാർഷിക വളർച്ച ഈ മേഖലയ്ക്കുണ്ടാകുമെന്നാണ് പ്രതീക്ഷ. വായ്പ ലഭിക്കുന്നതിന് ഉപഭോക്താക്കൾ അവരുടെ ബാങ്കിങ് വിവരങ്ങങ്ങൾ മാത്രം നൽകിയാൽ മതിയാകും. ആവശ്യമായ വിവരങ്ങൾ എൽടിഎഫ്എച്ച് ഡിജിറ്റലായി നൽകും. പേപ്പർ ഇല്ലാതെയും തടസ്സരഹിതവുമായ സേവനമാണ് കമ്പനി ലക്ഷ്യമിടുന്നത്. കൂടാതെ, ലോൺ ലഭിക്കുന്നതിനുള്ള ടേൺ എറൗണ്ട് ടൈം (ടിഎടി) 24 മണിക്കൂർ മാത്രമാണ്. ഈ മേഖലയിലെ ശരാശരിയാകട്ടെ 6 മുതൽ എട്ട് ദിവസംവരെയാണെന്നും അദ്ദേഹം പറഞ്ഞു.

# റിയൽമിയുടെ നാർസോ 70 പ്രൊ 5ജി

**കൊച്ചി:** ഒപ്റ്റിക്കൽ ഇമേജ് സ്റ്റെബിലൈസേഷനോടു കൂടിയ ഇന്ത്യയിലെ ആദ്യത്തെ 52 എംപി സോണി ഐഎംഎക്സ് 890 ക്യാമറ അവതരിപ്പിച്ച് റിയൽമി നാർസോ 70 പ്രൊ 5ജി. ഗ്ലാസ് ഗ്രീൻ, ഗ്ലാസ് ഗോൾഡ് നിറങ്ങളിൽ ലഭിക്കുന്ന റിയൽമി നാർസോ 70 പ്രോ 5ജിക്ക് 18,999 രൂപ മുതലാണ് വില ആരംഭിക്കുന്നത്. 3ഡി വി സി കൂളിംഗ് സിസ്റ്റം, എയർ ജെസ്ചർ തുടങ്ങിയ സവിശേഷ ഫീച്ചറുകളുള്ള ഫോൺ ഏർലി ബേർഡ് സെയിൽ ആരംഭിച്ചു. തത്സമയ കൊമേഴ്സ് വിൽപ്പന മാർച്ച് 22ന് ഉച്ചക്ക് 12 മണി മുതൽ ആമസോണിൽ ആരംഭിക്കുമെന്ന് റിയൽമി പ്രൊഡക്റ്റ് മാനെജർ ബാസുൽ കോച്ചാർ അറിയിച്ചു.




വാങ്ങുന്നവർക്ക് 2299 രൂപ വിലയുള്ള സൗജന്യ ബഡ്സ് ടി300, മൂന്ന് മാസത്തെ നോ കോസ്റ്റ് ഇ എം ഐ എന്നിവയ്ക്കൊപ്പം 1000, 2000 രൂപയുടെ ബാങ്ക് ഓഫറുകളും ലഭിക്കും.ഇന്ത്യയിൽ അതിവേഗം വളരുന്ന 16 ദശലക്ഷത്തിലധികം ഉപയോക്തൃ അടിത്തറയുള്ള റിയൽമിയുടെ അടുത്ത തലമുറ സ്മാർട്ട് ഫോണുകളാണ് നാർസോ. നൂതന സാങ്കേതിക വിദ്യയും പ്രീമിയം ഫീച്ചറുകളും ഉപയോഗിച്ചാണ് ഉപകരണങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

പുതിയ റിയൽമി നാർസോ 70 പ്രൊ 5 ജി, ലോലൈറ്റ് ഫോട്ടോഗ്രഫിയുടെ വ്യവസായ നിലവാരം പുനർനിർവചിക്കാൻ ലക്ഷ്യമിടുന്നതായും ബാസുൽ കോച്ചാർ പറഞ്ഞു.

ഉപഭോക്താവിന്റെ സ്മാർട്ട് ഫോൺ അനുഭവം മെച്ചപ്പെടുത്തുന്നതിന് രൂപകൽപ്പന ചെയ്തിരിക്കുന്ന പവർ പാക്ക്ഡ് സ്മാർട്ട് ഫോണാണ് റിയൽമി നാർസോ 70 പ്രോ 5ജി. ഓപ്റ്റിക്കൽ ഇമേജ് സ്റ്റെബിലൈസേഷനിലൂടെ മികച്ച ഫോട്ടോകളാണ് ലഭ്യമാവുക.




# ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കും കെയർ ഹെൽത്ത് ഇൻഷൂറൻസും ധാരണയിൽ

**കൊച്ചി:** ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കും കെയർ ഹെൽത്ത് ഇൻഷൂറൻസും കോർപറേറ്റ് ഏജൻസിക്കായുള്ള ധാരണയിലെത്തി. ഉൽപന്ന നിരകൾ വിപുലമാക്കാനും പര്യാപ്തമായ ബാങ്കിങ് സേവനങ്ങൾ ലഭ്യമല്ലാത്ത വിഭാഗങ്ങൾക്ക് സാമ്പത്തിക സ്ഥിരത പ്രദാനം ചെയ്യാനുമുള്ള ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിൻറെ പ്രതിബദ്ധതയാണ് ഈ ധാരണയിലൂടെ ഉയർത്തിക്കാട്ടപ്പെടുന്നതെന്ന് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ കെ പോൾ തോമസ് പറഞ്ഞു.

കെയർ ഹെൽത്ത് ഇൻഷൂറൻസിൻറെ നവീനമായ പദ്ധതികൾ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്കിൻറെ ഉപഭോക്താക്കൾക്ക് ഇതിലൂടെ ലഭ്യമാകും. ഉപഭോക്താക്കൾക്ക് ആവശ്യമായ സമഗ്ര ആരോഗ്യ ഇൻഷൂറൻസ് സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കാനും ഇതു സഹായിക്കും. ആരോഗ്യ ഇൻഷൂറൻസിൻറെ ആവശ്യകത ശക്തമായി ഉയർത്തിക്കാട്ടുന്ന ഇസാഫ് കുടുംബത്തിലെ എല്ലാവർക്കും അതുണ്ടാകണമെന്നാണ് ചൂണ്ടിക്കാട്ടുന്നതെന്ന് ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ കെ പോൾ തോമസ് പറഞ്ഞു.

ഓരോരുത്തരുടേയും ആവശ്യങ്ങൾക്ക് അനുസൃതമായ പദ്ധതികൾ ലഭ്യമാക്കാൻ ഈ ധാരണ സഹായിക്കും. ഉപഭോക്താക്കൾ ആദ്യമെന്ന സമീപനവുമായി മുന്നേറുന്ന തങ്ങൾ മികച്ച ആരോഗ്യ സേവനങ്ങൾ നേടാൻ ഇതിലൂടെ ഉപഭോക്താക്കളെ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ഉപഭോക്താക്കളെ ഔപചാരിക സാമ്പത്തിക സേവനങ്ങളിൽ ഉൾപ്പെടുത്താൻ മാത്രമല്ല, അവർക്ക് ഗുണമേൻമയുള്ള ആരോഗ്യ സേവനങ്ങൾ ലഭ്യമാക്കാൻ കൂടി ഏറ്റവും വിശ്വസനീയമായ ബാങ്കുകളിൽ ഒന്നായ ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് ശ്രമിക്കുന്നുണ്ടെന്ന് ഇതേക്കുറിച്ചു പ്രതികരിക്കവെ കെയർ ഹെൽത്ത് ഇൻഷൂറൻസ് മാനേജിങ് ഡയറക്ടറും സിഇഒയുമായ അനുജ് ഗുലാത്തി പറഞ്ഞു.




# എച്ച്എംഡി ഡിസ്പോജക്റ്റ് സിംഗിൾ യൂസ് സിറിഞ്ചുകൾ പുറത്തിറക്കി

**കൊച്ചി:** ലോകത്തെ ഡിസ്പോസിബിൾ, ഓട്ടോ ഡിസേബിൾ സിറിഞ്ചുകളുടെ മുൻനിര നിർമ്മാതാക്കളായ ഹിന്ദുസ്ഥാൻ സിറിഞ്ചസ് ആൻഡ് മെഡിക്കൽ ഡിവൈസസ് (എച്ച്എംഡി) ഏറ്റവും നൂതനവും ആദ്യത്തേതുമായ ഡിസ്പോജക്റ്റ് സിംഗിൾ യൂസ് സിറിഞ്ചുകൾ പുറത്തിറക്കി.

ആരോഗ്യ പ്രവർത്തകർക്കുണ്ടാവാൻ സാധ്യതയുള്ള ആകസ്മികമായ നീഡിൽ സ്റ്റിക്ക് പരിക്കുകളുടെ വ്യാപനം കുറയ്ക്കുക, അണുബാധ നിയന്ത്രണം, നിർമ്മാർജ്ജനം, പരിശീലനം എന്നിവയുടെ ചെലവ് കുറയ്ക്കുക തുടങ്ങിയവ പുതിയ ഡിസ്പോജക്റ്റ് സുരക്ഷാ സിറിഞ്ചുകൾ വാഗ്ദാനം ചെയ്യുന്നതായി എച്ച്എംഡി മാനേജിംഗ് ഡയറക്ടർ രാജീവ് നാഥ് പറഞ്ഞു.സുരക്ഷാ ഷീൽഡ് (എസ്ഐപി ഷീൽഡ്) കൊണ്ട് സജ്ജീകരിച്ചിരിക്കുന്ന ഡിസ്പോജെക്റ്റ് സിറിഞ്ച് സൂചി സ്റ്റിക്ക് പരിക്കുകളെക്കുറിച്ചുള്ള നിർണായക ആശങ്കകളെ അഭിസംബോധന ചെയ്യുകയും ആരോഗ്യ സംരക്ഷണത്തിലെ മികവിനുള്ള മാർക്കറ്റ് ലീഡർ എന്ന നിലയിൽ ഞങ്ങളുടെ പ്രതിബദ്ധത വീണ്ടും ഉറപ്പിക്കുകയും ചെയ്യുന്നു.പ്രതിവർഷം 5 ബില്ല്യൺ യൂണിറ്റുകളും 56 ബില്യൺ സൂചികളും അടങ്ങിയ ഡിസ്പോസിബിൾ സിറിഞ്ചിന്റെ ഇന്ത്യൻ വിപണിയുടെ 80 ശതമാനവും സ്വകാര്യ മേഖലയിലാണ്. ഞങ്ങളുടെ നൂതനമായ ഡിസ്പോജക്റ്റിലൂടെ 6070% വിപണി വിഹിതമാണ് ഞങ്ങൾ ലക്ഷ്യമിടുന്നതെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ സൊഹൈൽ നാഥ് പറഞ്ഞു.

# ഇലക്ട്രിക് സ്റ്റാൻഡിംഗ് വീൽചെയർ വികസിപ്പിച്ച് ഐഐടി മദ്രാസ്

**കൊച്ചി:** ഐഐടി മദ്രാസ് 'നിയോസ്റ്റാൻഡ്' ഇലക്ട്രിക് സ്റ്റാൻഡിംഗ് വീൽചെയർ നിർമിച്ചു. നിയോസ്റ്റാൻഡിൽ ഒരു ബട്ടൺ സ്പർശിക്കുന്നതോടെ ഇരിക്കുന്ന അവസ്ഥയിൽ നിന്ന് വീൽചെയർ ഉപയോക്താക്കളെ നിൽക്കുന്നതിലേക്കു മാറുന്നതിന് സഹായിക്കും. നിയോസ്റ്റാൻഡ് വാണിജ്യവൽക്കരിച്ച് ഐഐടി മദ്രാസ് സ്റ്റാർട്ട്അപ് ആയ നിയോ മോഷൻ മുഖേന വിപണിയിൽ എത്തിക്കും. ഐഐടി മദ്രാസിലെ ടിടികെ സെന്റർ ഫോർ റീഹാബിലിറ്റേഷൻ റിസർച്ച് ആൻഡ് ഡിവൈസ് ഡെവലപ്പ്മെന്റ് ഹെഡ് പ്രൊഫ. സുജാതാ ശ്രീനിവാസനാണ് ഈ പ്രോജക്ട് വികസിപ്പിക്കുന്നതിനു നേതൃത്വം നൽകിയത്.



ഐഐടി മദ്രാസിലെ ഫാക്കൽറ്റികൾ നയിക്കുന്ന വളരെ പ്രധാനപ്പെട്ട ഗവേഷണത്തിലൊന്നാണ് നിയോസ്റ്റാൻഡെന്നു ഐഐടി മദ്രാസ് ഡയറക്ടർ, പ്രൊഫ. വി കാമകോടി പറഞ്ഞു. നിയോസ്റ്റാൻഡിന്റെ കാര്യത്തിൽ, ഇരിപ്പിൽ നിന്നു നിൽപ്പിലേക്കു മാറുന്നതിന് ഉപയോക്താവിന് കേവലം ഒരു സിച്ച് ഉപയോഗിക്കേണ്ട ആവശ്യമേ ഉള്ളൂവെന്നു പ്രൊഫ. സുജാതാ ശ്രീനിവാസൻ പറഞ്ഞു.

# പ്രൈം വോളിബോൾ ലീഗ്: കാലിക്കറ്റ് ഹീറോസിന് കന്നിക്കിരീടം



**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ്ബൈ എ23 മൂന്നാം സീസൺ കിരീടം കാലിക്കറ്റ് ഹീറോസിന്. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ വ്യാഴാഴ്ച നടന്ന കലാശക്കളിയിൽ ഡൽഹി തൂഫാൻസിനെ ഒന്നിനെതിരെ മൂന്ന് സെറ്റുകൾ തോൽപ്പിച്ചാണ് കാലിക്കറ്റ് കന്നിക്കിരീടം ഉയർത്തിയത്. സ്കോർ: 1513, 1510, 1315, 1512. ആദ്യ രണ്ട് സെറ്റുകൾ നേടി ജയമുറപ്പിച്ച ഹീറോസിനെ മൂന്നാം സെറ്റിൽ ഡൽഹി വിറപ്പിച്ചെങ്കിലും, തുടർസെറ്റിൽ ആ മികവ് ആവർത്തിക്കാനായില്ല. ഹീറോസ് നായകൻ ജെറോം വിനീതാണ് ഫൈനലിലെ താരം, ലീഗിലെ ഏറ്റവും മൂല്യമേറിയ താരവും വിനീത് തന്നെ. നിർണായക ഘട്ടത്തിൽ പോയിന്റുകൾ നേടിയ ലൂയിസ് പെരോറ്റോ ഗെയിം ചെയ്ഞ്ചർ ഓഫ് ദ മാച്ച് പുരസ്കാരം നേടി. ലീഗിന്റെ തുടക്കം മുതൽ മികച്ച പ്രകടനമായിരുന്നു കാലിക്കറ്റ് ഹീറോസിന്റേത്. ലീഗ് ഘട്ടത്തിലും സൂപ്പർ ഫൈവിലും ഒന്നാം സ്ഥാനക്കാരായാണ് ടീം ഫൈനലിലേക്ക് കുതിച്ചത്. കിരീടം നേടിയ കാലിക്കറ്റിന് 40 ലക്ഷം രൂപയും, റണ്ണേഴ്സ് അപ്പായ ഡൽഹി തൂഫാൻസിന് 30 ലക്ഷം രൂപയും സമ്മാനമായി ലഭിക്കും. ഡിസംബറിൽ ഇന്ത്യ വേദിയൊരുക്കുന്ന എഫ്ഐവിബി ക്ലബ്ബ് ലോക ചാമ്പ്യൻഷിപ്പിലും കാലിക്കറ്റ് ഹീറോസ് ഇന്ത്യയെ പ്രതിനിധീകരിക്കും.

കാലിക്കറ്റാണ് കലാശക്കളിയിലെ സ്കോർബോർഡ് തുറന്നത്, പിന്നാലെ ഡൽഹി തുടർച്ചയായി മൂന്ന് പോയിന്റുകൾ നേടി. തൂഫാൻസിന്റെ സർവീസ് പിഴവിൽ കാലിക്കറ്റ് ഒപ്പമെത്തി. സന്തോഷിന്റെ തകർപ്പൻ സ്മാഷ് തൂഫാൻസിനെ വീണ്ടും മുന്നിലെത്തിച്ചു. വികാസും ചിരാഗും ഡൽഹിയുടെ മുന്നേറ്റത്തിന് തടയിട്ടു. അപോൺസയുടെ പിഴവിൽ ഹീറോസ് മുന്നേറി. ജെറോം പ്രതിരോധത്തിലും ആക്രമണത്തിലും തിളങ്ങി, എന്നാൽ ഡോഡിച്ചിന്റെ മികവും ഹീറോസിന്റെ സർവീസ് പിഴവും ഡൽഹിക്ക് തുണയായി. സൂപ്പർ പോയിന്റിൽ തൂഫാൻസ് മുന്നേറി. ജെറോം വീണ്ടു രക്ഷനായി, ഡൽഹി റിവ്യൂ വിളിച്ചെങ്കിലും ഫലമുണ്ടായില്ല. പെറോറ്റോയുടെ മാജിക്കൽ സെർവിലൂടെ ഡൽഹിയെ ഞെട്ടിച്ച ഹീറോസ് ആദ്യ സെറ്റിലെ കളി അവസാനിപ്പിച്ചു.

രണ്ടാം സെറ്റിൽ ഇരുടീമുകളും ഒപ്പത്തിനൊപ്പം മുന്നേറി, കാലിക്കറ്റിനായി ഡാനിയേൽ മൊയതാസെദിയും ഡൽഹിക്കായി ആയുഷും സൂപ്പർ സ്പെക്കിലൂടെ പോയിന്റുകൾ നേടി. ഉക്രപാണ്ഡ്യന്റെ തന്ത്രപരമായ പന്തൊരുക്കത്തിൽ ചിരാഗ് യാദവ് ഹീറോസിനെ മുന്നിലാക്കി. കാണികളുടെ ആരവങ്ങൾ കരുത്താക്കി ഹീറോസ് കുതിച്ചു. ഡൽഹിയുടെ കോർട്ടിൽ ആശയക്കുഴപ്പം പ്രകടമായി. ഡോഡിച്ചിന്റെ തകർപ്പൻ സ്പൈക്കിൽ ഡൽഹി തിരിച്ചുവരവിന് ശ്രമിച്ചെങ്കിലും ജെറോമിന്റെ മികവ് തടയാനായില്ല. ചിരാഗിന്റെ സൂപ്പർസ്പൈക്കും ഉക്രയും മൊയതാസെദിയും ചേർന്നൊരുക്കിയ ബ്ലോക്കും തൂഫാൻസിനെ ഏറെ പിന്നിലാക്കി. സൂപ്പർ പോയിന്റിലൂടെ ഒപ്പമെത്താനുള്ള ഡൽഹിയുടെ നീക്കവും പാളി. സന്തോഷിന്റെ തടയിടൽ ഹീറോസിന്റെ സെറ്റ് വിജയം വൈകിപ്പിക്കാൻ മാത്രം സഹായകരമായി. ഡോഡിച്ചിന്റെ സർവീസ് ലൈനിന് പുറത്തായതോടെ രണ്ടാം സെറ്റിലും കാലിക്കറ്റ് ഹീറോസായി.

നിർണായകമായ മൂന്നാം സെറ്റിൽ ഡൽഹി അതിവേഗം പോയിന്റുകൾ നേടി. കാലിക്കറ്റ് താരങ്ങൾക്കിടയിലെ ആശയകുഴപ്പം മുതലെടുത്തായിരുന്നു തൂഫാൻസിന്റെ മുന്നേറ്റം. പെറോറ്റോ ശക്തമായൊരു സ്പൈക്കിലൂടെ ഹീറോസിന് തിരിച്ചുവരവിനുള്ള ഇന്ധനം പകർന്നു. ഡൽഹി ആറാം പോയിന്റിൽ നിൽക്കെ പെറോറ്റോയുടെ തകർപ്പൻ പ്രകടനത്തിൽ കാലിക്കറ്റ് അവരെ ഒപ്പം പിടിച്ചു. ബ്രസീലിയൻ താരത്തെ പിടിച്ചുകെട്ടാൻ എതിരാളികൾക്കായില്ല. തുടരെ പോയിന്റുകൾ നേടിയ പെരോറ്റോ ഹീറോസിന് രണ്ട് പോയിന്റ് ലീഡ് നൽകി. പ്രവീണിന്റെ സർവീസ് പിഴവും ടീമിന്റെ പ്രതിരോധപ്പിഴവും സ്കോർ വീണ്ടും തുല്യനിലയിലാക്കി. പിന്നാലെ ഡൽഹി മൂന്ന് പോയിന്റ് ലീഡ് നേടി, സൂപ്പർ പോയിന്റ് തുഫാൻസിന്റെ ലീഡ് കുറച്ചെങ്കിലും അപോൺസയുടെ സ്പൈക്കിൽ അവർ മത്സരം നാലാം സെറ്റിലേക്ക് നീട്ടി.

ഡാനിയേൽ അപോൺസ നിർത്തിയേടത് നിന്ന് തുടങ്ങി, തൂഫാൻസ് കുതിച്ചു. അമിത ആത്മവിശ്വാസം അവർക്ക് വിനയായി, സന്തോഷിന്റെ സൂപ്പർ സ്പൈക്കിനുള്ള ശ്രമം പാളി. ജെറോമും പെരോറ്റോയും ചേർന്ന് ഹീറോസിനെ ഉയിർത്തേഴുന്നേൽപ്പിച്ചു.

ഡൽഹിയുടെ അനാവശ്യ പിഴവുകൾ ചുവപ്പൻ പടയെ മുന്നിലെത്തിച്ചു. സൂപ്പർപോയിന്റിനുള്ള ശ്രമം ജെറോം തീപ്പൊരി സ്മാഷിലൂടെ ടീമിന് അനുകൂലമാക്കി. മികവ് തുടർന്ന ക്യാപ്റ്റൻ മറ്റൊരു തകർപ്പൻ പ്രകടനത്തിലൂടെ ടീമിന് കിരീടം സമ്മാനിച്ചു.

# എച്ച്ഡിഎഫ്സി ടോപ്പ് 100 ഫണ്ട് 19 ശതമാനം നേട്ടമുണ്ടാക്കി

**കൊച്ചി:** എച്ച്ഡിഎഫ്സി ടോപ്പ് 100 ഫണ്ട് കഴിഞ്ഞ 27 വർഷങ്ങളായി 19 ശതമാനം സംയോജിത വാർഷിക വളർച്ചാ നിരക്കു കൈവരിച്ചു. 1996 ഒക്ടോബറിൽ ആരംഭിച്ച ഈ പദ്ധതി ഇന്ത്യയിലെ ഏറ്റവും കൂടുതൽ കാലമായുള്ള മ്യൂചൽ ഫണ്ട് പദ്ധതികളിൽ ഒന്നാണ്. വളർച്ചയുടേയും യുക്തിസഹമായ വിലയുടേയും അടിസ്ഥാനത്തിലുള്ള വൈവിധ്യപൂർണമായ രീതിയാണ് ഓഹരികൾ തെരഞ്ഞെടുക്കുന്നതിൽ പദ്ധതി പിന്തുടരുന്നത്. എല്ലാ ഘട്ടങ്ങളിലേയും നഷ്ടസാധ്യതകൾ നേരിടാനുള്ള കഴിവിനേയും നേട്ടങ്ങളേയും വിലിയിരുത്തി ഇതു മുന്നോട്ടു പോകും. മികച്ച നിലയിലുള്ള ലാർജ് ക്യാപ് കമ്പനികളിലാണ് പദ്ധതിയുടെ 80 ശതമാനത്തിലേറെ നിക്ഷേപം. ഇടക്കാലം മുതൽ ദീർഘകാലം വരെയാണ് നിക്ഷേപം. ശക്തമായ നിക്ഷേപം, കാലം, ക്ഷമാശീലം എന്നിവ സമ്പത്തു സൃഷ്ടിക്കുന്നതിനായി ഓഹരി വിപണിയിലെ തെളിയിക്കപ്പെട്ട രീതികളാണെന്ന് നവ്നീത് മുനോട്ട് പറഞ്ഞു.

എച്ച്ഡിഎഫ്സി ടോപ്പ് 100 ഫണ്ടിൻറെ കഴിഞ്ഞ 27 വർഷത്തെ പ്രകടനം തങ്ങളുടെ ഗവേഷണത്തിൻറെയും അച്ചടക്കത്തോടെയുള്ള നിക്ഷേപ സമീപനത്തിൻറെയും സുസ്ഥിരമായ ബിസിനസുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിൻറെയും തെളിവാണെന്ന് എച്ച്ഡിഎഫ്സി എഎംസി ഇക്വിറ്റി വിഭാഗം സീനിയർ ഫണ്ട് മാനേജർ രാഹുൽ ബൈജൽ പറഞ്ഞു. ലാർജ് ക്യാപ് ഓഹരികൾ സ്ഥിരതയും നഷ്ടസാധ്യതയെ അടിസ്ഥാനമാക്കിയുള്ള നേട്ടവും നൽകുന്നത് നിക്ഷേപകർക്ക് അതു മികച്ച അവസരമാക്കി മാറ്റുന്നുവെന്നും രാഹുൽ ബൈജൽ കൂട്ടിച്ചേർത്തു.




# ഫ്ളാഷ് പേ റുപെ സ്മാർട്ട് കീ ചെയിൻ പുറത്തിറക്കി ഫെഡറൽ ബാങ്ക്

**കൊച്ചി:** സമ്പർക്കരഹിത പണമിടപാടുകൾക്ക് ഉപയോഗിക്കാവുന്ന സ്മാർട്ട് കീ ചെയിൻ ഫെഡറൽ ബാങ്ക് പുറത്തിറക്കി. ഫ്ളാഷ് പേ എന്ന പേരിലുള്ള ഈ സംവിധാനം ബാങ്കിംഗ് രംഗത്ത് ഒത്തിരി മാറ്റങ്ങൾക്ക് വഴിതെളിക്കും. എൻസിഎംസി സംവിധാനമുള്ള മെട്രോ സ്റ്റേഷനുകളിൽ ടിക്കറ്റോ കാർഡോ വാങ്ങാനായി ക്യൂ നിൽക്കുന്നത് ഒഴിവാക്കാൻ ഈ സ്മാർട്ട് കീ ചെയിൻ സഹായകമാകും.

അയ്യായിരം രൂപ വരെ പിൻ ഇല്ലാതെയും അതിനു മുകളിൽ പിൻ ഉപയോഗിച്ചും ഇടപാടു നടത്താനാവും. പ്രതിദിന പരിധി ഒരു ലക്ഷം രൂപയാണ്. യാത്രകൾക്കിടെ തടസങ്ങളില്ലാത്തതും അതുല്യവുമായ സൗകര്യങ്ങൾ നൽകുന്ന, ഒതുങ്ങിയതും സ്റ്റൈലിഷ് ആയതുമായ സംവിധാനമാണ് അത്യാധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തോടെ ഫ്ളാഷ് പേ അവതരിപ്പിക്കുന്നത്.

ഫിസിക്കൽ കാർഡുകളോ പണമോ കയ്യിൽ കരുതാതെ വെറും ഒരൊറ്റ ടാപു വഴി ഇടപാടുകൾ നടത്താൻ ഫ്ളാഷ് പേ സഹായിക്കും.

എൻപിസിഐയുമായി സഹകരിച്ച് റുപെ സ്മാർട്ട് കീ ചെയിൻ ഫ്ളാഷ് പേ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ തങ്ങൾക്ക് അതിയായ സന്തോഷമുണ്ടെന്ന് ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാര്യർ പറഞ്ഞു.

പുതുമയും സുരക്ഷ പ്രദാനം ചെയ്യാനുള്ള ബാങ്കിന്റെ പ്രതിബദ്ധതയുമാണ് പുതിയ ഉത്പന്നം. സൗകര്യപ്രദമായി ഉപയോഗിക്കാം എന്നത് മാത്രമല്ല നടത്തുന്ന ഓരോ ഇടപാടും സുരക്ഷിതമായിരിക്കുകയും ചെയ്യും. ഡിജിറ്റൽ പണമിടപാടുകളിൽ സുരക്ഷ ഉറപ്പുവരുത്തികൊണ്ടുതന്നെ പുതുമകൾ ലഭ്യമാക്കാനുള്ള ഫെഡറൽ ബാങ്കിന്റെ തുടർച്ചയായ ശ്രമങ്ങളാണ് ഇവയെന്ന് ശാലിനി വാര്യർ പറഞ്ഞു.




# കെകെയറുമായി കള്ളിയത്ത് ഗ്രൂപ്പ്

**കൊച്ചി:** വീടുകളുടെ ദീർഘായുസ്സ് ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ കള്ളിയത്ത് ഗ്രൂപ്പ് കെകെയർ വിപണിയിലെത്തിച്ചു. കൺസ്ട്രക്ഷൻ കെമിക്കൽസ് ഉത്പന്നങ്ങളാണ് കമ്പനി വിപണിയിലിറക്കിയിരിക്കുന്നത്. വീടിന്റെ ചോർച്ച, വിള്ളൽ, ഈർപ്പം എന്നിവയ്ക്കെല്ലാം പരിഹാരമാകുന്ന ഉൽപ്പന്നങ്ങളാണ് ഇവ. വീടിന്റെ നിർമ്മാണത്തകരാറുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും കെകെയർ ഉൽപ്പന്നങ്ങൾ ശാശ്വത പരിഹാരമാണെന്ന് നിർമ്മാതാക്കൾ അറിയിച്ചു.

കൊച്ചി ഹോളീഡേ ഇന്നിൽ വച്ച് നടന്ന ചടങ്ങിൽ കെകെയർ ബ്രാൻഡ് അംബാസിഡർ നടൻ ഇന്ദ്രൻസ് ഉത്പന്നങ്ങൾ അവതരിപ്പിച്ചു. കള്ളിയത്ത് ഗ്രൂപ്പ് ചെയർമാനും എം.ഡിയുമായ നൂർ മുഹമ്മദ് നൂർഷ, സി.ഇ.ഒയും ഡയറക്ടറുമായ ജോർജ് സാമുവൽ, എക്സിക്യൂട്ടീവ് ഡയറക്ടർ ദിർഷാ മുഹമ്മദ്, സദ്സംഗ് എൻജിനിയറിങ് പ്രൈവറ്റ് ലിമിറ്റഡ് എം.ഡി സുനിൽകുമാർ ടി.എസ്, കോർപറേറ്റ് സൊല്യൂഷൻസ് എം.ഡി അരവിന്ദ് ശങ്കർ, കെകെയർ സ്ട്രക്ച്ചറൽ സൊല്യൂഷൻസ് ഡയറക്ടർ സാബിക്ക് നിസാം, സി.ആർ8 അഡ്വർടൈസിംഗ് പ്രൈവറ്റ് ലിമിറ്റഡ് എം.ഡി മൺസൂർ വെള്ളിയാങ്കൽ, ചലച്ചിത്ര താരം ബിജു സോപാനം തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# ഹോണ്ട സ്മാർട്ട് വർക്ക്ഷോപ്പ് മൊബൈൽ ആപ്പ്

**കൊച്ചി:** ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ അസ്മാർട്ട് വർക്ക്ഷോപ്പ് മൊബൈൽ ആപ്പ് അവതരിപ്പിക്കുന്നു, അവരുടെ വാഹനത്തിൻറെ സർവീസ് പുരോഗതിയുടെ തത്സമയ വിവരങ്ങൾ നൽകിക്കൊണ്ട് ഉപഭോക്തൃ അനുഭവം മെച്ചപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്ത ഇൻഡസ്ട്രിയിലെ ആദ്യത്തെ ട്രെയിൽബ്ലേസിംഗ് നവീകരണമാണെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.

സ്മാർട്ട് വർക്ക്ഷോപ്പ് ആപ്പിൽ തത്സമയ വാഹന സർവീസ് ട്രാക്കിംഗ്, ക്യൂ മാനേജ്മെൻറ് സിസ്റ്റം, എസ്എംഎസ് ലിങ്ക് അടിസ്ഥാനമാക്കിയുള്ള ഫീഡ്ബാക്ക് ശേഖരണം തുടങ്ങിയ സൗകര്യങ്ങളുണ്ട്.വാഹന സർവീസിൻറെ ഓരോ ഘട്ടവും പൂർത്തിയാകുമ്പോൾ, ഉപഭോക്താവിന് എസ്എംഎസ് വഴി അയച്ച ഒരു ലിങ്ക് വഴി തത്സമയ വിവരങ്ങൾ അറിയാൻ കഴിയും.ഹൈദരാബാദ്, ജയ്പൂർ, പൂനെ, മുംബൈ തുടങ്ങിയ പ്രധാന നഗരങ്ങളിൽ ആരംഭിച്ച സ്മാർട്ട് വർക്ക്ഷോപ്പ് മൊബൈൽ ആപ്പ് സേവനം അടുത്ത വർഷം അവസാനത്തോടെ ഇന്ത്യ



യിലെ എല്ലാ അംഗീകൃത മെയിൻ ഡീലർ സർവീസ് സെൻററുകളിലേക്കും എച്ച്എംഎസ്ഐ വ്യപിപ്പിക്കും.ഉപഭോക്തൃ സംതൃപ്തിയും നവീകരണവും വർധിപ്പിക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയാണ് സ്മാർട്ട് വർക്ക്ഷോപ്പ് വികസിപ്പിക്കുന്നതിലേക്ക് തങ്ങളെ നയിച്ചത്. ഇത് സുതാര്യത പ്രദാനം ചെയ്യുക മാത്രമല്ല, ഉപഭോക്താക്കൾക്ക് തടസ്സരഹിതവും സൗകര്യപ്രദവുമായ അനുഭവം ഉറപ്പാക്കുകയും ചെയ്യുന്നു. ഉപഭോക്താക്കളുടെ പ്രയോജനത്തിനായി സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനുള്ള എച്ച്എംഎസ്ഐയുടെ സമർപ്പണത്തിൻറെ തെളിവാണ് ഈ ആപ്ലിക്കേഷൻറെ ലോഞ്ചെന്നും യോഗേഷ് മാത്തൂർ പറഞ്ഞു.

# നെറ്റ്‌വർക്ക് വിപുലമാക്കി എയർടെൽ

**കൊല്ലം:** ടെലികമ്മ്യൂണിക്കേഷൻ സേവന ദാതാക്കളായ ഭാരതി എയർടെൽ ഗ്രാമീണ നെറ്റുവർക്ക് മെച്ചപ്പെടുത്തൽ പ്രോജക്റ്റിന്റെ ഭാഗമായി കൊല്ലം ജില്ലയിൽ തങ്ങളുടെ ശൃംഖലയിൽ കൂടുതൽ സൈറ്റുകൾ ഉൾപ്പെടുത്തി.

18 നഗരങ്ങളിലും 78 ഗ്രാമങ്ങളിലുമായി ഏഴുലക്ഷം ഉപയോക്താക്കൾക്ക് ഇതുവഴി വോയ്സ്, ഡാറ്റ കണക്റ്റിവിറ്റിയിൽ ഗുണകരമായമാറ്റം അനുഭവപ്പെടും.ജില്ലയിലെ കരുനാകപ്പള്ളി, കൊല്ലം, കൊട്ടാരക്കര, കുന്നത്തൂർ, പുനലൂർ, പത്തനാപുരം പ്രദേശങ്ങളിൽ ഈ നെറ്റുവർക്ക് മെച്ചപ്പെടുത്തൽ നേരിട്ട് പ്രയോജനപ്പെടും. ഈ വിപുലീകരണം ഗ്രാമങ്ങളിലെ ഉപഭോക്താക്കൾക്ക് അതിവേഗ കണക്റ്റിവിറ്റിയുടെ തടസ്സങ്ങളില്ലാതെ ലഭ്യത സാധ്യമാക്കും. 2024 ഓടെ രാജ്യത്തെ 60,000 ഗ്രാമങ്ങളിലും നെറ്റുവർക്ക് മെച്ചപ്പെടുത്തും. എയർടെലലിന്റെ ഏറ്റവും വലിയ ശ്രദ്ധാകേന്ദ്രമായ വിപണികളിലൊന്നാണ് കേരളം, ഈ സംരംഭത്തിലൂടെ 1600 ഗ്രാമങ്ങളിലും 355 പട്ടണങ്ങളിലുമായി സംസ്ഥാനമൊട്ടാകെയുള്ള നെറ്റുവർക്ക് കവറേജ് വർദ്ധിപ്പിക്കും.

